# ശ്രീ പിഷാരികാവ് ദേവസ്വം

(മലബാർ ദേവസ്വം ബോർഡ്)

പി.ഒ. കൊല്ലം, കൊയിലാണ്ടി, കോഴിക്കോട്, പിൻ: 673307,ഫോൺ: 0496 2620588

www.pisharikavukollam.in, pisharikavukollam@gmail.com, mobile: 8281152113


പി.ഡി 8/25

03.03.2025

## ക്വട്ടേഷൻ നോട്ടീസ്സ്

2025 ലെ ശ്രീ പിഷാരികാവ് ക്ഷേത്ര കാളിയാട്ട മഹോത്സവത്തിന് (30.03.2025 മുതൽ 06.04.2025 കൂടി) താഴെ പറയുന്ന കാര്യങ്ങൾ ഏർപ്പെടുത്തുന്നതിന് യോഗ്യരായ ആളുകളിൽ നിന്നും സീലു ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 2025 മാർച്ച് 10 ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 01.00 മണിക്ക് മുമ്പായി ലഭിക്കേണ്ടതും അന്ന് ഉച്ചയ്ക്ക് 03.00 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി തുറന്ന് സ്ഥിരപ്പെടുത്തുന്നതുമാണ്.

### 1. വാദ്യപ്രവൃത്തിക്കുള്ള ക്വട്ടേഷൻ.

ശ്രീ പിഷാരികാവ് ക്ഷേത്രത്തിലെ 2025 വർഷത്തെ കാളിയാട്ടമഹോത്സവത്തിന് 8 ദിവസത്തേക്ക് ശീവേലികൾ, പൂജകൾ, തായമ്പക ,കേളികൈ, കൊമ്പ്, കുഴൽ പറ്റ്, എന്നിവയ്ക്കും, മേളങ്ങൾക്കും, പൂജയ്ക്ക് കൊട്ടുന്നതിനുമുള്ള സ്പെഷ്യൽ വാദ്യത്തിനും കേരളത്തിലെ പ്രശസ്തമായ മറ്റ് മഹാക്ഷേത്രങ്ങളിൽ വാദ്യ പ്രവൃത്തി ഏറ്റെടുത്ത് നടത്തി പരിചയമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. മേളങ്ങൾക്ക് 30.03.2025 മുതൽ 06.04.2025 കൂടി 8 ദിവസത്തേക്ക് 42 ചെണ്ട (ഇടം തല, വലം തല) 21 ഇലത്താളം, 8 കൊമ്പ്, 8 കുഴൽ, 1 മദ്ദളം, എന്നിവ അടങ്ങിയ 80 ആളുകളും, വലിയ വിളക്ക് ദിവസത്തെ 2 പന്തി മേളത്തിൽ ഒരു പന്തിക്ക് 38 ചെണ്ട, (ഇടംതല, വലം തല), 16 ഇലത്താളം, 8 കൊമ്പ്, 8 കുഴൽ എന്നിവ അടങ്ങിയ 70 പേരും ഉണ്ടായിരിക്കണം. മേളങ്ങളിൽ പെരുവനം കുട്ടൻ മാരാർ, കിഴക്കൂട്ട് അനിയൻ മാരാർ, ചേരാനല്ലൂർ ശങ്കരൻകുട്ടി മാരാർ, പെരുമനം സതീശൻ മാരാർ, ചെറുശ്ശേരി കുട്ടൻ മാരാർ, പനങ്ങാട്ടിരി മോഹനൻ, പഴുവിൽ രഘുമാരാർ, കലൂർ ഉണ്ണികൃഷ്ണ മാരാർ, ഇരിങ്ങാപ്പുറം ബാബു, ചൊവ്വല്ലൂർ മോഹനൻ നായർ, ചൊവ്വല്ലൂർ സുനിൽ, വെളിത്തുരുത്തി ഉണ്ണി നായർ, മഞ്ചേരി ഹരിദാസ്, കലാനിലയം ഉദയൻ നമ്പൂതിരി, തൃപ്പൻകോട് പരമേശ്വരൻ, ശുകപുരം ദിലീപ് , പോരൂർ ഹരിദാസ് മാരാർ, തിരുവല്ല രാധാകൃഷ്ണൻ, മട്ടന്നൂർ ശ്രീകാന്ത്, മട്ടന്നൂർ ശ്രീരാജ് , തുടങ്ങിയ പ്രഗൽഭരും പ്രശസ്തരുമായ ആളുകൾ മേളത്തിന് പ്രമാണം പിടിക്കേണ്ടതും, ഓരോ ദിവസത്തേയും മേള പ്രമാണിമാരുടെ പേരുകൾ ക്വട്ടേഷനിൽ കാണിച്ചിരിക്കുകയും വേണം. ഉത്സവദിവസങ്ങളിൽ ദേവസ്വം നിശ്ചയിക്കുന്ന സ്പെഷ്യൽ തായമ്പകക്ക് വരുന്ന പ്രശസ്തരായ വാദ്യ കലാകാരൻമാർക്ക് വട്ടം പിടിക്കുന്നതിനുള്ള ആളുകളെ ക്വട്ടേഷൻ ലഭിച്ച ആൾ നൽകേണ്ടതാണ്. ശ്രീ പിഷാരികാവ് ക്ഷേത്രത്തിൽ വാദ്യ പ്രവൃത്തി ചെയ്യുന്ന വിഭാഗങ്ങളിൽ പെടുന്ന 18 വയസ്സ് പൂർത്തിയായ ആളുകൾ മാത്രമെ മേളങ്ങളിൽ ഉൾപ്പെടാൻ പാടുള്ളൂ. ഓരോ മേളങ്ങൾക്കും, പങ്കെടുക്കുന്ന വാദ്യക്കാരുടെ എണ്ണം ക്വട്ടേഷൻ ലഭിച്ച ആൾ ദേവസ്വം അധികൃതരെ ബോധ്യപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ മേൽ കാണിച്ച വാദ്യങ്ങൾക്കുള്ള മൊത്തം തുക കാണിക്കേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ദേവസ്വത്തിൽ

തുടർച്ച.........പേജ് 2

20,000/- രൂപ നിരതദ്രവ്യം വെക്കേണ്ടതാണ്. കേരളത്തിലെ പ്രശസ്തമായ മറ്റ് മഹാക്ഷേത്രങ്ങളിൽ വാദ്യ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതിനുള്ള സാക്ഷ്യപത്രം ക്വട്ടേഷനോടൊപ്പം കവറിൽ അടക്കം ചെയ്ത് കവറിനു പുറത്ത് വാദ്യപ്രവൃത്തിക്കുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി സർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ 200 രൂപയുടെ മുദ്ര പത്രത്തിൽ ദേവസ്വവുമായി കരാർ ഒപ്പു വെക്കേണ്ടതും വാദ്യ പ്രവൃത്തി ചെയ്യുമ്പോൾ മേൽശാന്തി, അടിയന്തിരക്കാരൻ എന്നിവരിൽ നിന്നും ചടങ്ങുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥരുമാണ്. ക്വട്ടേഷൻ തുകയുടെ ഒരു ശതമാനം ഇൻകംടാക്സ് ക്വട്ടേഷൻ ലഭിച്ച ആൾ നൽകേണ്ടതാണ്. (പാൻ കാർഡ് ഉണ്ടാവണം) ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്.

**2. ലൈറ്റ്, സ്റ്റേജ്, സൗണ്ട് ഏർപ്പെടുത്തൽ.**

30.3.2025 മുതൽ 06.04.2025 കൂടി 8 ദിവസത്തേക്ക് കാളിയാട്ട മഹോത്സവത്തിന് താഴെ പറയുന്ന പ്രകാരം ലൈറ്റ്, സ്റ്റേജ്, സൗണ്ട് (സ്റ്റേജും, സ്റ്റേജിലേക്ക് ആവശ്യമായ സൗണ്ടും മറ്റ് സംവിധാനങ്ങളും 7 ദിവസം മാത്രം) സ്റ്റേജിലേക്ക് ആവശ്യമായ ആധുനിക ലൈറ്റ് സംവിധാനങ്ങൾ എന്നിവ വൈദ്യുതി അടക്കം ഏർപ്പെടുത്തുന്നതിന് മൊത്തം എന്ത് ചാർജിന് ചെയ്തു തരും എന്ന് കാണിച്ചു കൊണ്ടുള്ള ക്വട്ടേഷനുകൾ കേരളത്തിലെ പ്രശസ്തമായ മറ്റ് മഹാക്ഷേത്രങ്ങളിൽ ടി പ്രവൃത്തി ഏറ്റെടുത്ത് നടത്തി പരിചയമുള്ള എ ക്ലാസ് ലൈസൻസ്ഡ് കോൺട്രാക്ടേഴ്സിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ക്ഷേത്രം, ക്ഷേത്ര പരിസരം അനുബന്ധ കെട്ടിടങ്ങൾ, ഹൈവേയുടെ പടിഞ്ഞാറു ഭാഗത്ത് സിൽക്ക് ബസാർ മുതൽ അരയൻകാവ് ക്ഷേത്രം റോഡ് വരെ റോഡിന്റെ രണ്ട് ഭാഗങ്ങളിലും, ഹൈവേയുടെ കിഴക്ക് ഭാഗത്ത് ആനക്കുളങ്ങര മുതൽ മരളൂർ ക്ഷേത്രം റോഡ് വരെയും, കോവിലേരി താഴെ മുതൽ പൊതുവരവ് കമ്മിറ്റി ഓഫീസ് വരെയും, മുചുകുന്ന് റെയിൽവെ ക്രോസ് കഴിഞ്ഞ് കനാലിന്റെ ഇരുഭാഗവും അണ്ടർ പാസ് വരെയും, മുചുകുന്ന് റോഡിൽ ആലിപ്പുറത്ത് റോഡ് അട്ടവയൽ റോഡ് എന്നിവയും, കളത്തിൽ ഇട റെയിൽ വരെയും, കൊല്ലം യു.പി. സ്കൂൾ റോഡ് വഴി കോമത്ത് വരേയും, നാണം ചിറ റോഡ് റെയിൽ വരേയും, ഹൈവെ മുതൽ റെയിൽ വരെ പുതിയ പുരയിൽ ഇടവഴിയിലും, കൊല്ലം പാവുവയൽ റോഡിൽ പന്തലായനി ചങ്ങരംശംകണ്ടി വരവ് പുറപ്പെടുന്ന സ്ഥലം വരേയും, കൊല്ലം ടൗൺ കിഴക്ക് ഭാഗം വടക്കേ അറ്റം മുതൽ തെക്കെ അറ്റം വരേയും, നെല്ല്യാടി റോഡിൽ കൊല്ലം ടൗൺ മുതൽ നരിമുക്ക് വരേയും, ചോയ്യാട്ടിൽ ഇടവഴിയിലും, കൊല്ലം ചിറയ്ക്ക് സമീപം ഹൈവേയുടെ കിഴക്ക് ഭാഗം അനന്തപുരം നടയിലും, ദേവസ്വം പഴയ എൽ.പി. സ്കൂൾ പറമ്പിലും, കാരക്കുന്നത്ത് റോഡ് റെയിൽ വരേയും, ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗം സ്വാമിയാർകാവ് വരേയും, തളി ക്ഷേത്രം റോഡ് വഴി കോരംങ്കണ്ടി അംഗനവാടി വരേയും, തളി ക്ഷേത്രത്തിന് പിന്നിലെ കോൺക്രീറ്റ് റോഡും, കണിയാംകുന്ന് റോഡിലും, പാതിരിക്കാട് റോഡിലും, കസ്തൂരി കടവ് മുതൽ വേട്ടക്കൊരുമകൻ ക്ഷേത്രം വഴി പാതിരിക്കാട് റോഡ് വരേയും, ഊരുചുറ്റൽ റോഡ്, പാറപ്പള്ളി റോഡ്, മറ്റ് അനുബന്ധ റോഡുകളും കഴിഞ്ഞ വർഷം ലൈറ്റ് ഏർപ്പെടുത്തിയ മറ്റ് സ്ഥലങ്ങളിലും ദേവസ്വം നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും ലൈറ്റ് ഏർപ്പെടുത്തുന്നതിനുള്ള കാലുകളും (ഇരുമ്പ് പൈപ്പ് ഇൻസുലേഷൻ ചെയ്തത്), മറ്റ് ഉപകരണങ്ങളും സഹിതം ലൈറ്റ് ഏർപ്പെടുത്തേണ്ടതാണ്. ക്ഷേത്രം മുതൽ ആനക്കുളങ്ങര വരേയും, കൊല്ലം കവാടം വരേയുള്ള പ്രധാന വഴിയിലും ക്ഷേത്രപരിസരത്തും രണ്ട് ഭാഗത്തും പ്രത്യേകം പ്രത്യേകം ലൈൻ വലിച്ച് ലൈറ്റ് ഏർപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ ലഭിച്ച ആൾ 30.03.2025 മുതൽ 06.04.2025 കൂടി 8 ദിവസത്തേക്ക് ഒരു ദിവസം 2000 എണ്ണം വീതം ട്യൂബ് കത്തിക്കേണ്ടതും,

തുടർച്ച........പേജ് 3

ക്ഷേത്ര ചുറ്റ്, നടപ്പന്തൽ, ക്ഷേത്ര പരിസരം, ക്ഷേത്രം മുതൽ ആനക്കുളങ്ങര കവാടം വരേയും, എരോത്ത് കുളങ്ങര കവാടം വരേയും, ക്ഷേത്ര കാവിനകത്തും, പാലച്ചുവട് വരേയും 200 വാട്സിന്റെ 350 എണ്ണം വീതം എൽ.ഇ.ഡി ബൾബുകൾ കത്തിക്കേണ്ടതും, കിഴക്ക് ഭാഗം വടക്ക് ഭാഗം നടപ്പന്തലുകൾ, കിഴക്ക് വടക്ക് പടിഞ്ഞാറ് ആൽത്തറകൾ, കൊല്ലം കവാടം, ആനക്കുളങ്ങര കവാടം, ചിറ കവാടം, കൊല്ലം ചിറ എന്നിവ 8 ദിവസവും എൽ. ഇ.ഡി. ഡക്കറേഷൻ ബൾബുകൾ ഉപയോഗിച്ച് ഭംഗിയായി അലങ്കരിക്കേണ്ടതുമാണ്. നാലമ്പലത്തിന് പുറത്തെ നടപ്പന്തൽ ഇല്ലാത്ത തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ നടപ്പന്തലിന്റെ സമാന ഉയരത്തിൽ എൽ. ഇ. ഡി ഡെക്കറേഷൻ ബൾബുകൾ ഉപയോഗിച്ച് പന്തൽ, നാലമ്പലത്തിന്റെ നാല് ഭാഗവും ഓടുകൾ മുഴുവനായും കവർ ചെയ്യുന്ന വിധത്തിൽ എൽ.ഇ.ഡി ഡെക്കറേഷൻ ബോർഡുകൾ, നാഷണൽ ഹൈവേയിൽ സിൽക്ക് ബസാർ മുതൽ അരയൻകാവ് കവാടം വരെ ഇരു ഭാഗങ്ങളിലും എൽ. ഇ. ഡി ബൾബുകൾ ഉപയോഗിച്ച് ഡെക്കറേഷൻ (ഒന്നര മീറ്റർ നീളത്തിൽ തൂക്കിയിടണം) , ആനക്കുളം കവാടം മുതൽ ക്ഷേത്രം വരെയും കൊല്ലം കവാടം മുതൽ ക്ഷേത്രം വരെയും രണ്ട് സൈഡിലും എൽ. ഇ. ഡി ബൾബുകൾ ഉപയോഗിച്ച് ഡെക്കറേഷൻ എന്നിവ ഉണ്ടായിരിക്കുകയും, ദേവസ്വത്തിന്റെ പുതിയ ഊട്ടുപുരയുടെ മുൻ വശം മുഴുവനായും ദേവസ്വം ഓഫീസും പത്തായപ്പുരയും ഡെക്കറേഷൻ ബൾബുകൾകൊണ്ട് അലങ്കരിക്കുകയും, ഭഗവാൻമാരുടെ വിവിധ രൂപങ്ങളടങ്ങിയ എൽ. ഇ. ഡി ഫിഗർ ബോർഡുകൾ (32 അടി ഉയരം 24 അടി വീതി) 8 എണ്ണം എന്നിവ സ്ഥാപിക്കുകയും വേണം. സ്റ്റേജിലേക്കുള്ള എൽ.ഇ.ഡി വാൾ 250 സ്ക്വയർ ഫീറ്റിലുള്ളത് (P2, വൺ ബാച്ച് , ലാപ്ടോപ്പ് & എഡിറ്റിംഗ് പ്രൊസസർ, നെറ്റ് കണക്ഷൻ) 8 ദിവസത്തേക്ക് ഏർപ്പെടുത്തേണ്ടതാണ്. ദേവസ്വം ഊട്ടുപുരയിൽ ഉപയോഗിക്കുവാൻ ഒരു ജനറേറ്റർ പ്രത്യേകമായും ഏർപ്പെടുത്തേണ്ടതും ഭക്ഷണം പാകം ചെയ്യുന്ന സ്ഥലത്തും ഭക്ഷണം നൽകുന്ന ഹാളിലും ലൈറ്റ് ഏർപ്പെടുത്തേണ്ടതുമാണ്. 30.03.2025 മുതൽ 05.03.2025 കൂടി 7 ദിവസത്തേക്ക് 32X24 അടി വലുപ്പത്തിലുള്ള ഓപ്പൺ സ്റ്റേജ് കാളിയാട്ട പറമ്പിൽ കെട്ടി ഉണ്ടാക്കേണ്ടതും, ഗ്രീൻ റൂം ഉണ്ടായിരിക്കണം. സ്റ്റേജിൽ കലാപരിപാടികൾ നടത്താനാവശ്യമായ ലൈറ്റ്, 50,000 (അൻപതിനായിരം) വാട്സിന്റെ ശബ്ദം, ലൈനർ സൗണ്ട് സിസ്റ്റം (ഹാങ്ങിങ് ബോക്സ്), സൗണ്ട് ബൂസ്റ്റിങ്ങ്, ലൈറ്റ് & സൗണ്ട് സിസ്റ്റത്തിലെ മറ്റ് ആധുനിക സംവിധാനങ്ങൾ ഫുൾ ട്രസ്സ്, ഷാർപ്പി, എൽ.ഇ.ഡി പാർ, എൽ.ഇ.ഡി സ്ട്രോബ്, ബ്ലൈന്റർ, ഫെയ്സ് ലൈറ്റ് , ഹെയ്സ് മെഷീൻ, സ്മോക്ക് എന്നിവ ഉണ്ടായിരിക്കണം. മേൽ പറഞ്ഞ കാര്യങ്ങൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ അത്രയും വാട്സിന്റെ കറണ്ട്, സ്റ്റേജിൽ ഉപയോഗിക്കുന്നതിനുള്ള മുളകളും ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഏർപ്പെടുത്തേണ്ടതാണ്. കലാപരിപാടികളുടെ വൈവിധ്യമനുസരിച്ച് സ്റ്റേജിൽ ആവശ്യമായ മാറ്റങ്ങൾ ക്വട്ടേഷൻ ലഭിക്കുന്ന ആൾ ചെയ്തു കൊടുക്കേണ്ടതാണ്. ക്ഷേത്രച്ചുറ്റിൽ നടത്തുന്ന പ്രഭാഷണം, ഓട്ടൻ തുള്ളൽ, പാഠകം, നാമജപം, കാലത്തും, വൈകീട്ടും ഭക്തി ഗാനം വെക്കൽ എന്നിവയ്ക്കും അനൗൺസ്മെന്റിന് 8 ദിവസം ക്ഷേത്രത്തിന്റെ 500 മീറ്റർ ചുറ്റളവിൽ വ്യക്തമായി കേൾക്കത്തക്ക വിധത്തിലുള്ള ആവശ്യമായ ശബ്ദ സജ്ജീകരണങ്ങൾ കറണ്ട് സഹിതം ക്വട്ടേഷൻ ലഭിച്ച ആൾ ഏർപ്പെടുത്തേണ്ടതാണ്. കാളിയാട്ട മഹോത്സവത്തിന് പോലീസ്സ് ഔട്ട് പോസ്റ്റുകൾ മെഡിക്കൽ യൂനിറ്റ്, ഫയർ ഫോഴ്സ്, എന്നിവിടങ്ങളിലും, അകമ്പടി ചെട്ടിമാർ, കോമരക്കാർ, ആന പാപ്പാൻമാർ എന്നിവർ താമസിക്കുന്ന സ്ഥലങ്ങളിലും, ദേവസ്വം നിർദ്ദേശിക്കുന്ന മറ്റു സ്ഥലങ്ങളിലും സീലിങ്ങ് ഫാനുകളും, പെഡസ്റ്റൽ ഫാനുകളും, ടേബിൾ ഫാനുകളും ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഏർപ്പെടുത്തേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ ദേവസ്വം നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താൻ ക്വട്ടേഷൻ ലഭിക്കുന്ന ആൾ ബാധ്യസ്ഥനാണ്. അതിന് പ്രത്യേക അധിക പേമെൻറുകൾ ഉണ്ടായിരിക്കുന്നതല്ല.

തുടർച്ച.....പേജ് 4

മേൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും 28.03.2025 ന് വൈകുന്നേരം ട്രയൽ റൺ എടുത്ത് ദേവസ്വം അധികൃതരെ ബോധ്യപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ദേവസ്വത്തിൽ 20,000/- രൂപ നിരതദ്രവ്യം വെക്കേണ്ടതാണ്. ക്വട്ടേഷൻ കേരളത്തിലെ പ്രശസ്തമായ മറ്റ് മഹാക്ഷേത്രങ്ങളിൽ ടി പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതിന്റെ സാക്ഷ്യപത്രം, കോൺട്രാക്ട് ലൈസൻസിന്റെ കോപ്പി എന്നിവ സഹിതം കവറിലാക്കി കവറിനു പുറത്ത് ലൈറ്റ്, സ്റ്റേജ്, സൗണ്ട് ഏർപ്പെടുത്തൽ ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി സീല് വെച്ച് നൽകേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും മേൽ പറഞ്ഞ കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ നിയമ നടപടികളും സംബന്ധിച്ച് അനുവാദ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും, 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ ഒപ്പു വെക്കേണ്ടതുമാണ്. ദേവസ്വം അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥരുമാണ്. ക്വട്ടേഷൻ തുകയുടെ ഒരു ശതമാനം ഇൻകംടാക്സ് ക്വട്ടേഷൻ ലഭിച്ച ആൾ നൽകേണ്ടതാണ്. (പാൻകാർഡ് ഉണ്ടാവണം) ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്.

**3. കസേര, മേശ, പാത്രങ്ങൾ, താൽക്കാലിക പന്തൽ, ഷെഡ്ഡ്, ബാരിക്കേഡ് നിർമ്മാണം.**

30.03.2025 മുതൽ 06.04.2025 കൂടി 8 ദിവസം ഊട്ടുപുരയിലേക്ക് 600 കൈയ്യില്ലാത്ത കസേരയും, ആയതിന് ആവശ്യമായത്രയും വൺ സൈഡ് മേശയും, 7 ലിറ്ററിന്റെ 3 ഗ്രൈൻഡറും ഭക്ഷണം തയ്യാറാക്കാനും, വിളമ്പുവാനും (ദേവസ്വം കൈവശമുള്ളത് കഴിച്ച് ബാക്കി) ആവശ്യമായത്രയും പാത്രങ്ങൾ (100 കിലോ അരി വേവിക്കുന്നതിനുള്ള വട്ട, വലിയ ചരക്ക് 2, വലിയ ചട്ടുകങ്ങൾ, ബേസിൻ, ബക്കറ്റ്, കയ്യിൽ, സ്പൂൺ, സ്റ്റീൽ ഗ്ലാസ്, കുട്ടകങ്ങൾ, ചെറുതും, വലുതുമായ അലൂമിനിയം വട്ടകൾ, 200 ലിറ്ററിന്റെ ഒരു ഫ്രീസർ, അകമ്പടി ചെട്ടിമാർക്കും, ശാന്തിക്കാർക്കും ഉപയോഗിക്കുന്നതിനുള്ള പാത്രങ്ങൾ, ഗ്യാസടുപ്പ്, തുടങ്ങിയവ) അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ള മോട്ടോർ, ആവശ്യമായത്രയും ഹോസ്, പൈപ്പ് തുടങ്ങിയവയും 30.03.2025 മുതൽ 06.04.2025 കൂടി 8 ദിവസത്തേക്ക് മുള, പ്ലാസ്റ്റിക്ക് പായ, തുണി എന്നിവ ഉപയോഗിച്ച് 20 x14, 24x30x15, 30x12, 15x12, 25x20, 45x10 അടി വലുപ്പത്തിലുള്ള 8 പന്തലുകളും, ഷെഡ്ഡുകളും പള്ളിയറയുടെ മൂന്ന് ഭാഗത്തും പന്തലും, അകമ്പടി ചെട്ടിമാർക്ക് ഉപയോഗിക്കുന്നതിന് ചെട്ടിമഠത്തിലെ മുറ്റത്ത് തുണി പന്തൽ നിർമ്മിക്കുന്നതിനും, കാളിയാട്ട പറമ്പിലും പള്ളിയറയുടെ രണ്ട് ഭാഗത്തും താൽക്കാലിക ബാരിക്കേഡ് (ഗ്രിൽ ടൈപ്പ്) നിർമ്മിക്കേണ്ടതും, 6 x 6 ആടി വലുപ്പത്തിലും, 10 അടി ഉയരത്തിലുള്ള 2 വാച്ച് ടവർ നിർമ്മിക്കുന്നതിനും, കാവിനകത്ത് ആന പാപ്പാന്മാർക്ക് ഉപയോഗിക്കുന്നതിനുള്ള പന്തലിന്റെ അടി ഭാഗത്ത് 2 അടി ഉയരത്തിലുള്ള 30x8 അടി വലുപ്പത്തിലുള്ള സ്റ്റേജും കൂടി ഏർപ്പെടുത്തുന്നതിന് എന്ത് ചാർജിന് നൽകുമെന്ന് ക്വട്ടേഷനിൽ കാണിച്ചിരിക്കണം. മേൽ പറഞ്ഞ സാധനങ്ങളെല്ലാം 29.03.2025 ന് കാലത്ത് 10 മണിക്ക് മുൻപ് ദേവസ്വം ഊട്ടുപുരയിൽ എത്തിക്കേണ്ടതാണ്. ഇതിനു പുറമെ അടിയന്തിര ഘട്ടങ്ങളിൽ ദേവസ്വം ആവശ്യപ്പെടുന്ന സാധനങ്ങൾ കൂടി ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഏർപ്പെടുത്തേണ്ടതാണ്. അതിന് പ്രത്യേക പേമെന്റ് ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 20,000/- രൂപ നിരതദ്രവ്യം ദേവസ്വത്തിൽ വെക്കേണ്ടതാണ്. ക്വട്ടേഷൻ കവറിലാക്കി സീല് ചെയ്ത് കവറിനു പുറത്ത് കസേര, മേശ, പാത്രങ്ങൾ, താൽക്കാലിക പന്തൽ, ഷെഡ്ഡ്, ബാരിക്കേഡ് നിർമ്മാണം എന്നിവക്കുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ 200 രൂപയുടെ മുദ്ര പത്രത്തിൽ ദേവസ്വവുമായി കരാർ ഒപ്പു വെക്കേണ്ടതുമാണ്. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ദേവസ്വം അധികൃതരിൽ നിക്ഷിപ്തവുമാണ്. ക്വട്ടേഷൻ തുകയുടെ ഒരു ശതമാനം ഇൻകംടാക്സ് ക്വട്ടേഷൻ ലഭിച്ച ആൾ നൽകേണ്ടതാണ്. (പാൻകാർഡ് ഉണ്ടാവണം).

തുടർച്ച...... പേജ് 5

4.ദേഹണ്ഡം.

30.03.2025 മുതൽ 06.04.2025 കൂടി 8 ദിവസത്തേക്ക് ക്ഷേത്ര ആചാരങ്ങൾക്കനുസരിച്ച് ഭക്തജനങ്ങൾക്ക് രാവിലത്തെ ചായ, ഉച്ച ഭക്ഷണം എന്നിവയും ശ്രീ പിഷാരികാവ് ദേവസ്വം ജീവനക്കാർ, കാളിയാട്ട മഹോത്സവവുമായി ബന്ധപ്പെട്ട് പ്രവർത്തി ചെയ്യുന്നവർ എന്നിവർക്ക് രാവിലത്തെ ചായ, ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം എന്നിവയും ദേവസ്വം ഊട്ടുപുരയിൽ വെച്ച് തയ്യാറാക്കുന്നതിനും, ഭക്ഷണം വിളമ്പുന്നതിനും, പാത്രങ്ങൾ കഴുകുന്നതിനും, വൃത്തിയാക്കുന്നതിനും, വേസ്റ്റ് സ്വന്തം നിലയിൽ നീക്കം ചെയ്യുന്നതിനും കൂടി എന്ത് ചാർജ് വേണമെന്ന് കാണിച്ചു കൊണ്ടുള്ള സീല് ചെയ്ത ക്വട്ടേഷനുകൾ ഭക്ഷണം പാചകം ചെയ്യുന്നതിന് ലൈസൻസുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. ദേവസ്വം വക ഊട്ടുപുരയുടെ താഴെ നിലയിലും ഒന്നാം നിലയിലുമാണ് ഭക്ഷണം നൽകേണ്ടത്. ഒരേ സമയം 700 പേർക്ക് തടസ്സമില്ലാതെ ഭക്ഷണം വിളമ്പി നൽകാനുള്ള ക്രമീകരണം ഉണ്ടായിരിക്കേണ്ടതും, ഭക്ഷണം വിളമ്പുന്നവർക്ക് യൂനിഫോം, ഹെഡ് ക്യാപ്പ്, ഗ്ലൗസ് എന്നിവ നിർബന്ധമായിരിക്കേണ്ടതുമാണ്. മേൽ പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുള്ള ആളുകളെ ക്വട്ടേഷൻ ലഭിക്കുന്ന ആൾ സ്വന്തം നിലയിൽ ഏർപ്പെടുത്തേണ്ടതാണ്. പാത്രം കഴുകാനും, ഭക്ഷണം വിളമ്പുന്നതിനും, വെയ്സ്റ്റ് നീക്കം ചെയ്യുന്നതിനും മതിയായ അത്രയും ജോലിക്കാരെ ഏർപ്പെടുത്തി തടസ്സമില്ലാത്ത രീതിയിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ലഭിക്കുന്ന ആൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ദേവസ്വത്തിൽ 5,000 രൂപ നിരത ദ്രവ്യം വെക്കേണ്ടതാണ്. ക്വട്ടേഷൻ കവറിലാക്കി സീല് ചെയ്ത് കവറിനു പുറത്ത് ദേഹണ്ഡത്തിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. അരി, മസാല സാധനങ്ങൾ, പച്ചക്കറി, പാത്രങ്ങൾ, ഗ്യാസടുപ്പ്, ഗ്രൈൻഡർ, ഫ്രീസർ എന്നിവ ദേവസ്വം നൽകുന്നതാണ്. ഭക്ഷണ സാധനങ്ങളുടെ രുചി, ഗുണനിലവാരം എന്നിവ ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഉറപ്പ് വരുത്തേണ്ടതും, രാവിലത്തെ ചായ 7.30 മണിക്കും, ഉച്ച ഭക്ഷണം 11 മണിക്കും തയ്യാറാക്കി നൽകേണ്ടതാണ്. ഭക്ഷണത്തിന് വല്ല അപാകതയും സംഭവിക്കുകയാണെങ്കിൽ ആയതിന്റെ മുഴുവൻ നഷ്ടവും ക്വട്ടേഷൻ ലഭിക്കുന്ന ആളിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ 200 രൂപയുടെ മുദ്ര പത്രത്തിൽ ദേവസ്വവുമായി കരാറിൽ ഒപ്പു വെക്കേണ്ടതും, ക്വട്ടേഷൻ തുകയുടെ ഒരു ശതമാനം ഇൻകംടാക്സ് ക്വട്ടേഷൻ ലഭിക്കുന്ന ആൾ നൽകേണ്ടതുമാണ് ( പാൻ കാർഡ് ഉണ്ടാവണം). ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾക്ക് ഫുഡ് & സെഫ്റ്റി വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഢങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

മേൽ പറഞ്ഞ ക്വട്ടേഷനുകൾ ലഭിക്കുന്ന ആളുകൾ പാൻ കാർഡ് ഉള്ളവരും നിയമാനുസൃതം ഇൻകംടാക്സ് കൊടുക്കുവാൻ ബാധ്യസ്ഥരും, ദേവസ്വം ഏർപ്പെടുത്തുന്ന നിബന്ധനകൾ പാലിക്കുവാൻ ബാധ്യസ്ഥരുമാണ്. ക്വട്ടേഷൻ സംബന്ധിച്ച ഏത് തീരുമാനവും കൈക്കൊള്ളുവാനുള്ള അവകാശം ദേവസ്വം അധികൃതരിൽ നിക്ഷിപ്തവുമാണ്. എല്ലാ ക്വട്ടേഷനുകളും സീല് വെച്ച് കവറിന് പുറത്ത് ഏത് ക്വട്ടേഷനാണ് എന്ന് രേഖപ്പെടുത്തിയിരിക്കണം.

കോപ്പികൾ.

1. നോട്ടീസ്സ് ബോർഡ്.
2. ദേവസ്വം വെബ്സൈറ്റ്.
3. കൊയിലാണ്ടി മുൻസിപ്പാലിറ്റി ഓഫീസ് നോട്ടീസ് ബോർഡ്.
4. വിയ്യൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്.
5. അധികം.

Executive Officer
Sree Pisharikavu Devaswom